**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5338** **21-03-2025 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അച്ചടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അച്ചടി നടക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | ആർ.സി. ബുക്കുകൾ പ്രിന്റ് ചെയ്ത് നൽകുന്ന രീതി നിർത്തലാക്കി ഡിജിറ്റൽ ആർ.സി. (DYRC) സംവിധാനം 01.03.2025 മുതൽ നിലവിൽ വന്നിട്ടുള്ളതാണ്.<br><br>19.09.2024 വരെ ആർ.സി. ബുക്കുകൾ പ്രിന്റ് ചെയ്ത് നൽകുന്നതിനു ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ 20.09.2024 മുതൽ ഡിജിറ്റൽ ആർ.സി. നിലവിൽ വന്ന 01.03.2025 വരെ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാനുള്ളതും ആയത് അടിയന്തിരമായി പ്രിന്റ് ചെയ്ത് നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | ആർ.സി. ലഭിക്കാത്തതിനാൽ വാഹന ഉടമകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | 28.02.2025-ലെ G.O.(Rt) No.94/2025/Trans പ്രകാരം 01.03.2025 മുതൽ DYRC സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അതിൻപ്രകാരം പൊതുജനങ്ങൾക്ക് പരിവാഹൻ സൈറ്റിൽ നിന്നും ആർ.സി. ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാവുന്നതാണ്. കൂടാതെ, 01.03.2025 ന് മുമ്പ് അപേക്ഷിച്ചിട്ട് ആർ.സി. ലഭിക്കാത്തവർക്കും സൈറ്റിൽ നിന്നും ആർ.സി. ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ